**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4231** **18-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ മിനി ഫുഡ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സംസ്ഥാന ബജറ്റിൽ മിനി ഫുഡ് പാർക്ക് നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ, വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2022-23 സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യങ്ങൾ കൂട്ടതലായി സൃഷ്ടിക്കുന്നതിനും അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരു വലിയ വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപ്പാദിപ്പിക്കാനും വിപണനം ചെയ്യാനും സൗകര്യമുള്ള 10 മിനി ഫുഡ് പാർക്കുകൾ വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മിനി ഫുഡ് പാർക്കുകളിൽ ഒരെണ്ണം കാസർഗോഡ് ജില്ലയിൽ കേരള സംസ്ഥാന ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കൈവശമുള്ളതും ഒഴിഞ്ഞ് കിടക്കുന്നതുമായ 15 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തി അതിൽ അനുവദിക്കണമെന്ന ഉദുമ എം. എൽ.എ യുടെ ഹർജിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ യൂണിറ്റായ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥിതി ചെയ്യുന്ന ഉദുമ ടെക്സ്റ്റയിൽ മിൽസിന്റെ കൈവശമുള്ള ഭൂമിയിൽ മില്ലിന്റെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള സ്ഥലം മില്ലിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വീവിംഗ്, ഡൈയിംഗ് ആൻറ് പ്രോസസ്സിംഗ്, ഗാർമെന്റ് യൂണിറ്റുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലത്ത് മിനി ഫുഡ് പാർക്ക് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ